PARVAAZ
GIO KERALA

# ISLAMIC CAMPUS FEST& CONFERENCE

2017 DECEMBER 9
IRSHADIYA COLLEGE FEROKE

പ്രിയ സഹോദരങ്ങളെ,
അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹ്..

നാമൊരു പുതിയ കാലഘട്ടത്തിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. മുസ്ലിം സമൂഹം പുതിയ വെല്ലുവിളികൾ നേരിട്ട് കൊണ്ടിരിക്കുന്നു. ഈയൊരു സാഹചര്യത്തിൽ അടിപതറാതെ സമൂഹത്തെ മുന്നോട്ട് നയിക്കുന്നതിലും, അടിയുറച്ച നിലപാടുകളെടുക്കുന്നതിലും നമ്മെ പ്രാപ്തരാക്കുന്നത്നമ്മുടെ വൈജ്ഞാനിക ബൗദ്ധിക തലമാണ്. അതിനാൽ, അത് പകർന്നു നൽകുന്ന സ്ഥാപനങ്ങളും മുസ്ലിം സമൂഹത്തിന്റെ ഒഴിച്ച് നിർത്താനാവാത്ത ഒരു ഭാഗം തന്നെയാണ്.

മുസ്ലിം സമൂഹത്തിന്റെ ഇന്നോളമുള്ള ചരിത്രത്തിൽ ഇസ്ലാമിക കലാലയങ്ങൾക്ക് ശക്തമായ സ്വാധീനമുണ്ട്. പ്രത്യേകിച്ച്, സ്ത്രീകൾക്ക് പഠിക്കാനോ, വായിക്കാനോ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് നിന്നും അവൾ വിദേശ നാടുകളിൽ വരെ പോയി വിദ്യാഭ്യാസം നേടുന്നിടത്ത് എത്തിയിരിക്കുന്നു '. ഇസ്ലാമിക പ്രതിനിധാനത്തിന്റെ പാഠങ്ങളും അതിന്റെ ശക്തമായ പ്രയോഗവൽകരണവുമൊക്കെ അഭ്യസിപ്പിക്കുകയും അതുവഴി സമൂഹത്തെ നയിക്കുന്ന ശക്തരായ നേതാക്കളെ ഉൽപാദിപ്പിച്ചതും ഇത്തരം കലാലയങ്ങൾ തന്നെയാണെന്നതും വിസ്മരിക്കാനാവാത്ത ചരിത്രമാണ്.

ജി.ഐ.ഒ കേരളയുടെ ഈ മീഖാത്തിലെ പ്രധാന നയങ്ങളിലൊന്ന് ഇസ്ലാമിക കലാലയങ്ങളിലെ വിദ്യാർത്ഥിനികളെ ലക്ഷ്യം വെച്ചുള്ളതാണ്. പുതിയ രാഷ്ട്രീയസാമൂഹിക മേഖലകളിൽ കൃത്യമായി നയിക്കാൻ സാധിക്കുന്ന നേതൃനിരയെ വളർത്തിയെടുക്കുക എന്നതും നാം ഇതിലൂടെ, ഇതിന്റെ തുടർ പരിപാടികളിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ഈ മേഖലയിലെ വിദ്യാർത്ഥിനികളുടെ ചിന്താ സർഗാത്മ ശേഷിയെ വളർത്തുവാനും

പരിപോഷിപ്പിക്കാനും സാധിക്കുന്ന മത്സര ഇനങ്ങളാണ് നാം ഇസ്ലാമിക് കാമ്പസ് ഫെസ്റ്റിൽ ഒരുക്കുന്നത്. അതിലുമപ്പുറം, നമ്മുടെ ബന്ധങ്ങളെ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും വിശാലമായ തലത്തിലേക്ക് വളർത്തുവാനും ഒരു അവസരം കൂടിയാണിത്.

ഒപ്പം, ഇസ്ലാമിക കലാലയങ്ങളിലെ വിദ്യാർത്ഥിനികൾ അവരുടെ കഴിവുകൾ വളർത്തുവാനും, ഫലവത്തായ വൈജ്ഞാനിക ഇടപെടലുകൾക്കും, ചർച്ചകൾക്കും സാധ്യമാക്കുന്ന തരത്തിൽ ഈ പരിപാടിയെ ഉപയോഗപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

അല്ലാഹു നമ്മുടെ പ്രവർത്തനങ്ങളെല്ലാം സ്വീകരിക്കുകയും അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാവട്ടെ.

**അഫീദ അഹമ്മദ്**
പ്രസിഡന്റ്
ജി.ഐ.ഒ കേരള

# ആമുഖം

**കേ**രളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ ദീനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേടിയ ഇടം വലുതാണ്.

വിദ്യാഭ്യാസ രംഗത്ത് നിന്ന് തഴയപ്പെട്ട പെൺകുട്ടികളെ, യഥാർഥ വിദ്യാഭ്യാസത്തിന്റെ പാതയിലേക്ക് വഴി നടത്തിയവയാണ് കേരളത്തിലെ ദീനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഇസ്‌ലാമിക കലാലയങ്ങളിലെ പ്രതിഭകളെ കണ്ടത്തേണ്ടതും മൂർച്ച കൂട്ടേണ്ടതും തിളക്കം നിലനിർത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

ചിന്താ സാംസ്കാരിക മണ്ഡലങ്ങളിൽ കൊടുക്കൽ വാങ്ങളുകളും പുതിയ കാലഘട്ടത്തിനോട് സംവാദിക്കുമാറ് അവസരങ്ങളെ വികസിപ്പിക്കേണ്ടതിന്റെയും ആവശ്യകതയാണ് ജി.ഐ.ഒ 'PARVAAZ' ഇസ്‌ലാമിക് കാമ്പസ് ഫെസ്റ്റിലൂടെ മുന്നോട്ട് വെക്കുന്നത്.

ബൗദ്ധിക കലാ രംഗത്ത് ഇസ്‌ലാമിക കലാലങ്ങളിലെ വിദ്യാർഥിനികൾക്ക് പ്രതിഭ തെളിയിക്കാനുള്ള അവസരവും ഇടങ്ങൾ വികസിപ്പിക്കാനുള്ള അവസരവും പർവാസ് മുന്നോട്ടു വെക്കുന്നത്.

നന്മയുടെ നനവുള്ള സർഗാത്മകതയുടെ പുതുവസന്തം തീർക്കാനാവട്ടെ. പർവാസിന്റെ തെളിമയുള്ള വിശാലമായ ആകാശത്ത് സർഗ വസന്തം തീർക്കാം.

## പർവാസ് : ഇസ്‌ലാമിക് കാമ്പസ് ഫെസ്റ്റ് & വിദ്യാർഥിനി സമ്മേളനം

1. 2017 ഡിസംബർ 9 (ശനി) നു കോഴിക്കോട് ജില്ലയിലെ ഇർശാദിയ കോളേജ് ഫറോഖിൽ വെച്ചാണ് ഇസ്‌ലാമിക് ക്യാമ്പസ് ഫെസ്റ്റും സമ്മേളനവും നടക്കുന്നത്. രണ്ടുഘട്ട ങ്ങളിലായി നടക്കുന്ന ഫെസ്റ്റിന്റെ ആദ്യഘട്ടം വിവിധ രച നാമത്സരങ്ങൾ വിവിധ സെന്ററുകളിലായി നവംബർ 18 നും തുടർന്ന് രണ്ടാം ഘട്ടം മറ്റിനങ്ങൾ ഡിസംബർ 9നും നടക്കുന്നതാണ്.
2. ജമാഅത്ത് എജ്യുകേഷൻ ബോർഡ്/മജ്‌ലിസ് എജ്യുകേ ഷൻ ബോർഡിൽ അഫിലിയേറ്റു ചെയ്ത ഹയർസെക്കന്ററി, ഡിഗ്രി തലത്തിലുള്ള വിദ്യാർഥിനികൾക്ക് 'PARVAAZ' ൽ പങ്കെടുക്കാം.
3. ജൂനിയർ സീനിയർ എന്നീ രണ്ട് കാറ്റഗറിയായാണ് മത്സ രങ്ങൾ ഉണ്ടാവുക.

(AGE GROUP)

**CATEGORY 1 JUNIOR**

(1999 JAN 1-2002 DEC 31)

**CATEGORY 2 SENIOR**

(1995 JAN 1-1998 DEC 31)

4. രണ്ട് വിഭാഗങ്ങളിലും (ജൂനിയർ, സീനിയർ) കൂടുതൽ പോ യിന്റ് നേടുന്ന സ്ഥാപനങ്ങൾക്ക് വിന്നേഴ്സ്, റണ്ണേഴ്സ് ട്രോഫികൾ ഉണ്ടായിരിക്കും.
5. ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ വ്യക്തി ഇനങ്ങളിൽ

കൂടുതൽ പോയിന്റ് നേടുന്ന വ്യക്തികളെ കലാതിലകമായി തെരഞ്ഞെടുക്കും.

6. നിശ്ചയിച്ച സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ (രജിസ്ട്രേഷൻ സമയത്ത് ജമാഅത്ത് / മജ്‌ലിസ് ബോർഡിന്റെ സ്ഥാപനങ്ങളിലെ വിദ്യാർഥിനിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്)

7. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി സംഘാടക സമിതിക്കു പുറമെ ഉപദേശകസമിതി, ജഡ്ജിങ് കമ്മിറ്റി എന്നിവ ഉണ്ടായിരിക്കുന്നതാണ്.

8. വിദ്യാർഥിനികൾ അവർ പഠിക്കുന്ന സ്ഥാപനത്തെ പ്രതിനിധീകരിച്ചു കൊണ്ടാണ് 'PARVAAZ' ൽ പങ്കെടുക്കേണ്ടത്.

9. മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളും ഗ്രൂപ്പിനങ്ങളും ഉണ്ടായിരിക്കും. ഒരു വിദ്യാർഥിനിക്ക് രചനാ മത്സരങ്ങളിൽ മൂന്ന് ഇനങ്ങളിലും വ്യക്തിഗത സ്റ്റേജ് മത്സരങ്ങളിൽ രണ്ട് ഇനങ്ങളിലും പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങളിൽ പങ്കാളിത്തം നിർണ്ണിതമല്ല.

10. മത്സരങ്ങളുടെ പ്രമേയം, അവതരണശൈലി, വേഷവിധാനം എന്നിവ ധാർമിക മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഇസ്‌ലാമിക സംസ്കാരത്തിനും സംഘടന താൽപര്യങ്ങൾക്ക് വിരുദ്ധവുമായ യാതൊരു പരിപാടിയും അവതരിപ്പിക്കാൻ പാടില്ല.

11. മൽസരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ എൻട്രി ഫോമിന്റെ കൂടെ വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ് നൽകേണ്ടതാണ്.

12. മത്സരാർത്ഥികൾ സ്ഥാപനാധികാരിയുടെ സാക്ഷ്യപത്രമോ, ദീനിമദാരിസ് വിദ്യാർഥികളാണ് എന്ന് തെളിയിക്കുന്ന മറ്റു രേഖകളോ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

13. ഫെസ്റ്റ് നിയമാവലിക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉചിതമായ നടപടികൾ സംഘാടക സമിതി സ്വീകരിക്കുന്നതായിരിക്കും.

14. ഫെസ്റ്റ് സംബന്ധിച്ച് ആവശ്യമായി വരുന്ന മറ്റ് നിർദ്ദേശങ്ങളും വ്യവസ്ഥകളും ഭേദഗതികളും അതാത് സമയത്ത് പ്രോഗ്രാം കമ്മിറ്റി അറിയിക്കുന്നതായിരിക്കും.
15. ഒരു ഇനത്തിൽ ഒന്നിൽ കൂടുതൽ എൻട്രി ഇല്ലായെങ്കിൽ ആ ഇനത്തിൽ മത്സരം ഉണ്ടായിരിക്കുന്നതല്ല. ഇത് പ്രോഗ്രാം കമ്മിറ്റി സ്ഥാപനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.
16. പൊതു ഇനങ്ങളിൽ സീനിയർ ജൂനിയർ കാറ്റഗറി വ്യത്യാസമില്ലാതെ ഒരു സ്ഥാപനത്തിന് പങ്കെടുക്കാം.
17. വ്യക്തിഗത സ്റ്റേജിനങ്ങളിലും ഗ്രൂപ്പിനങ്ങളിലും ഒരു ഇനത്തിൽ ഒരു സ്ഥാപനത്തിന് ഒരു എൻട്രിയും രചനാമത്സരങ്ങളിൽ (വ്യക്തിഗതം) രണ്ട് എൻട്രികളുമാണ് പരിഗണിക്കുക.
18. പിന്നണിയിൽ സംഗീതോപകരണങ്ങൾ അനുവദനീയമാക്കിയ ഇനങ്ങളിൽ അവ പ്രവർത്തിപ്പിക്കുന്നത് വിദ്യാർഥികൾ തന്നെയായിരിക്കണം. പിന്നണിയിൽ പ്രവർത്തിക്കുന്ന വിദ്യാർഥികളുടെ പേരുകൾ പ്രത്യേകം ഷീറ്റിൽ എഴുതി പ്രോഗ്രാം കമ്മിറ്റിയെ ഏൽപ്പിക്കണം.
19. സ്ഥാപനത്തിൽ നിന്ന് വരുന്ന ടീമുകൾക്ക് ഒരു ടീം മാനേജറെ നിശ്ചയിക്കേതാണ്.
20. പ്രബന്ധ രചനാ മത്സരങ്ങൾക്കുള്ള സിലബസ് നേരത്തെ അറിയിക്കുന്നതായിരിക്കും.
21. എല്ലാ തലങ്ങളിലുമുള്ള മത്സരങ്ങളുടെയും നിയമങ്ങൾ, മൂല്യനിർണ്ണയോപാധികൾ, ഫലപ്രഖ്യാപനം തുടങ്ങിയവ ഈ നിയമാവലി പ്രകാരമായിരിക്കും. ഏത് വിഷയത്തിലും അന്തിമ തീരുമാനം കമ്മിറ്റിയുടേതായിരിക്കും.

## വിധി നിർണ്ണയം

1. മത്സരങ്ങളുടെ എല്ലാ തലത്തിലും മത്സരം വിലയിരുത്തുന്നതിന് യോഗ്യരായവരെ ജഡ്ജിമാരായി നിയമിക്കുന്നതാണ്.

2. ഒരു ഇനം വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെയായിരിക്കും.
3. ഒരു ഇനം വിലയിരുത്തുന്നതിന് 3 പേരെ വിധികർത്താക്കളായി നിയമിക്കുന്നതാണ്.
4. ഒരു മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർമാരുടെ സാന്നിധ്യത്തിൽ മാർക്ക് ടാബുലേറ്റ് ചെയ്ത് അവിടെവെച്ച് അല്ലെങ്കിൽ അതിന് ശേഷമോ ജഡ്ജിമാരിലൊരാൾ ഫലപ്രഖ്യാപനം നടത്തുന്നതാണ്.
5. മത്സരത്തിനു മുമ്പ് ജഡ്ജിമാർക്ക് നിയമാവലിയിൽ കൊടുത്തിട്ടുള്ള മൂല്യനിർണയോപാധികൾ നൽകുന്നതാണ്.
6. ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് പരാതി ഉണ്ടെങ്കിൽ ഫലപ്രഖ്യാപനം നടന്ന് ഒരു മണിക്കൂറിനുള്ളിൽ ജനറൽ കൺവീനറെ രേഖാമൂലം അറിയിക്കേണ്ടതാണ്. പരിപാടിയുമായി ബന്ധപ്പെട്ട് യാതൊരുവിധ പരാതികൾക്കും ജഡ്ജിമാരുമായി ബന്ധപ്പെടരുത്. ജഡ്ജ്, കമ്മിറ്റി തീരുമാനങ്ങൾ അന്തിമമായിരിക്കും.

## മത്സര ഇനങ്ങൾ (ജൂനിയർ& സീനിയർ)

**1. വ്യക്തിഗത രചനാമത്സരങ്ങൾ**

| | മത്സര ഇനങ്ങൾ | സമയം |
|---|---|---|
| 1. | ഉപന്യാസം (മലയാളം, ഇംഗ്ലീഷ്, അറബി) | 90 മിനിറ്റ് |
| 2. | കവിത രചന (മലയാളം, ഇംഗ്ലീഷ്, അറബി) | 60 മിനിറ്റ് |
| 3. | കഥാരചന (മലയാളം, ഇംഗ്ലീഷ്, അറബി) | 60 മിനിറ്റ് |
| 4. | കാർട്ടൂൺ | 60 മിനിറ്റ് |
| 5. | പെൻസിൽ ഡ്രോയിംങ് | 60 മിനിറ്റ് |
| 6. | ചിത്ര രചന (ജലഛായം) | 60 മിനിറ്റ് |
| 7. | അറബിക് കാലിഗ്രഫി | 60 മിനിറ്റ് |
| 8. | തിരക്കഥാ രചന | |

## 2. വ്യക്തിഗത സ്റ്റേജിനങ്ങൾ (ജൂനിയർ& സീനിയർ)

| | മത്സര ഇനങ്ങൾ | സമയം |
|---|---|---|
| 1. | ഖുർആൻ പാരായണം | |
| 2. | പ്രസംഗം (മലയാളം, അറബി, ഇംഗ്ലീഷ്) | 5 മിനുറ്റ് |
| 3. | മാപ്പിളപ്പാട്ട് | 5 മിനുറ്റ് |
| 4. | കഥാപ്രസംഗം (മലയാളം) (1+3 പിന്നണി) | 10 മിനുറ്റ് |
| 5. | മോണോലോഗ് | 10 മിനുറ്റ് |
| 6. | കവിതാലാപനം (മലയാളം, അറബി) | 10 മിനുറ്റ് |

## 3. ഗ്രൂപ്പിനങ്ങൾ

*ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ പൊതുവായുള്ള മ ത്സര ഇനങ്ങൾ*

| | മത്സര ഇനങ്ങൾ | സമയം |
|---|---|---|
| 1. | ഇല്ലസ്റ്റ് മാഗസിൻ മത്സരം (4 പേർ) | |
| 2. | കൊളാഷ് (4 പേർ) | |
| 3. | സംഘഗാനം (മലയാളം, അറബി) 8 പേർ | 10 മിനുറ്റ് |
| 4. | സംഗീത ശിൽപം (8 പേർ) | 10 മിനുറ്റ് |
| 5. | ഖവാലി (8 പേർ) | 10 മിനുറ്റ് |
| 6. | മൈം (6 പേർ) | 10 മിനുറ്റ് |
| 7. | കിസ്സ (3 പേർ ) | |

## പോയിന്റും ഗ്രേഡും

ഗ്രേഡുകൾക്കും സ്ഥാനങ്ങൾക്കും താഴെ കാണിച്ച വിധം പോയിന്റ് കണക്കാക്കുന്നതാണ്.

**ഗ്രേഡുകൾ**

**എ ഗ്രേഡ്** : (മത്സരത്തിൽ 70% മോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവർക്ക്) 10 പോയിന്റ്
**ബി ഗ്രേഡ്** : (മത്സരത്തിൽ 60% മുതൽ 69% വരെ മാർക്ക് ലഭിക്കുന്നവർക്ക്) 5 പോയിന്റ്
**സി ഗ്രേഡ്** : (മത്സരത്തിൽ 50% മുതൽ 59% വരെ മാർക്ക് ലഭിക്കുന്നവർക്ക്) 3 പോയിന്റ്

**സ്ഥാനങ്ങൾ**

ഒന്നാം സ്ഥാനം : 10 പോയിന്റ്
രണ്ടാം സ്ഥാനം : 5 പോയിന്റ്
മൂന്നാം സ്ഥാനം : 3 പോയിന്റ്

**പോയിന്റ് കണക്കാക്കുന്ന രീതി**

| എ ഗ്രേഡ് | | | |
|---|---|---|---|
| | ഗ്രേഡ് | സ്ഥാനം | ആകെ |
| 1st | 10 | 10 | 20 |
| 2nd | 10 | 5 | 15 |
| 3rd | 10 | 3 | 13 |

| ബി ഗ്രേഡ് | | | |
|---|---|---|---|
| | ഗ്രേഡ് | സ്ഥാനം | ആകെ |
| 1st | 5 | 10 | 15 |
| 2nd | 5 | 5 | 10 |
| 3rd | 5 | 3 | 8 |

| സി ഗ്രേഡ് | | | |
|---|---|---|---|
| | ഗ്രേഡ് | സ്ഥാനം | ആകെ |
| 1st | 3 | 10 | 13 |
| 2nd | 3 | 5 | 8 |
| 3rd | 3 | 3 | 6 |

# നിയമാവലി

**ഉപന്യാസം** (90 മിനുറ്റ്)
നൽകപ്പെടുന്ന വിഷയത്തെ കുറിച്ച് ഉപന്യസിക്കുക.

**മൂല്യനിർണ്ണയ ഉപാധികൾ:**
1. ശൈലി, ഭാഷാ ശൈലി
2. വാക്യ ഘടന
3. മുഖവുര, വിഷയ ചർച്ച, സമാപനം.
4. തെളിവുകൾ
5. അവതരണ രീതി

**കവിതാരചന** (60 മിനുറ്റ്)
നൽകപ്പെടുന്ന വിഷയത്തിൽ / ആശയത്തിൽ ഒരു കവിത തയ്യാറാക്കുക

**മൂല്യനിർണ്ണയ ഉപാധികൾ:**
1. സർഗാത്മകത
2. ഭാഷ, ശുദ്ധി, ശൈലി, താളം
3. കാവ്യാത്മകത
4. പ്രതിപാദന രീതി, ഭാവന, അർഥ സമ്പൂർണ്ണത
5. സൗന്ദര്യാത്മകത

**കഥാരചന** (60 മിനുറ്റ്)
നൽകപ്പെടുന്ന വിഷയത്തെ/ പ്രമേയത്തെഅടിസ്ഥാനപ്പെടുത്തി കഥാരചന നിർവ്വഹിക്കുക.

**മൂല്യനിർണ്ണയ ഉപാധികൾ:**
1. ഭാവന
2. ഭാഷാ ശൈലി

3. ആവിഷ്കാര രീതി
4. പ്രമേയത്തിനോടുള്ള നീതി
5. സർഗാത്മകത
6. സൗന്ദര്യാത്മകത

**അറബിക് കാലിഗ്രഫി** (60 മിനുട്ട്)
നിർദ്ദേശിക്കുന്ന വിഷയത്തിനനുസരിച്ച് കാലിഗ്രഫി തയ്യാറാക്കുക.

**മൂല്യനിർണയ ഉപാധികൾ:**
1. ആകർഷണീയത
2. വൈവിധ്യം
3. പൂർണത
4. കോമ്പോസിഷൻ

**പെൻസിൽ ഡ്രോയിംങ്** (60 മിനുട്ട്)
ഏതെങ്കിലും ഒരു മാതൃകയോ ആശയമോ നൽകും. അതനുസരിച്ച് ചിത്ര രചനാ നിയമത്തോട് നീതി പുലർത്തിക്കൊണ്ടുള്ള വര.

**മൂല്യനിർണയ ഉപാധികൾ :**
1. തന്നിട്ടുള്ള വിഷയവുമായിട്ടുള്ള ബന്ധം
2. ആകർഷണീയത
3. പൂർണ്ണത
4. ഷേഡിംഗിലെ യോജിപ്പ്
5. സംവിധാനം (കോമ്പോസിഷൻ)

**ചിത്ര രചന (ജലഛായം)**
നൽകപ്പെടുന്ന വിഷയത്തിലുള്ള തനിമയാർന്ന ആവിഷ്കാരം

**മൂല്യനിർണ്ണയ ഉപാധികൾ:**

1. തന്നിട്ടുള്ള വിഷയവുമായിട്ടുള്ള ബന്ധം
2. ജലചഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ്
3. സംവിധാനം (കോമ്പോസിഷൻ)
4. ആകർഷണീയത
5. പൂർണ്ണത

**കാർട്ടൂൺ** (60 മിനുട്ട്)

നൽകപ്പെടുന്ന വിഷയത്തെ അടിസ്ഥാനമാക്കി കലാമൂല്യമുള്ളതും മതവിരുദ്ധമല്ലാത്തതുമായ കാർട്ടൂൺ വരയ്ക്കുക. പെൻസിൽ മാത്രമെ ഉപയോഗിക്കാവൂ.

**മൂല്യനിർണയ ഉപാധികൾ :**

1. രചനാ ശൈലി
2. നർമവും തീക്ഷ്ണതയും
3. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം
4. സംവിധാനം (കോമ്പോസിഷൻ)
5. ആക്ഷേപ ഹാസ്യ സാമൂഹ്യ വിമർശം

**തിരക്കഥാ രചന**

15 മിനിറ്റിനുള്ളിൽ തീരാവുന്ന തിരക്കഥ രചിക്കുക.

**മൂല്യനിർണ്ണയ ഉപാധികൾ**

1. ചിത്രീകരണം
2. തുടക്കം, ഒടുക്കം
3. ഷോട്ടിന്റെ വിശദീകരണം
4. സംഭാഷണ - ദൃശ്യ പൊരുത്തം
5. ക്ലൈമാക്സ്

**കൊളാഷ്**

ന്യൂസ് പേപ്പർ കട്ടിംഗ്സ്, ജേർണൽസ് കട്ടിംഗ്സ് തുടങ്ങിയവ ഉപയോഗിച്ചാണ് കൊളാഷ് നിർമ്മിക്കേണ്ടത്

**ഇല്ലന്റ് മാഗസിൻ**

കുറഞ്ഞ,വാക്കുകൾ കൂടുതൽ കാര്യങ്ങൾ പ്രതിഫലിപ്പിക്കാൻ കഴിയുന്നതായിരിക്കണം. (ഇല്ലെന്റ് ലെറ്ററിലാണ് മാഗസിൻ തയ്യാറാക്കേണ്ടത്.)

**മൈ**

ധാർമ്മിക സന്ദേശമുൾക്കൊള്ളുന്ന പ്രമേയമായിരിക്കണം, കീബോഡ് ഉപയോഗിക്കാം. മറ്റു സംഗീതോപകരണങ്ങൾ, ഓഡിയോ സീഡി എന്നിവയും പിന്നണിയിൽ ആവാം.

**മൂല്യനിർണ്ണയ ഉപാധികൾ**

1. വേഷം
2. അഭിനയം
3. പരസ്പര യോജിപ്പ്
4. സ്വാഭാവികത
5. അവതരണം

**മാപ്പിളപ്പാട്ട് (5 മിനുട്ട്)**

മാപ്പിളത്തനിമയുള്ള പാട്ടുകൾ ശ്രുതി-ലയ-താളത്തിൽ, ശബ്ദഭംഗിയോടെ, അർഥ വ്യത്യാസം വരാതെ, അക്ഷര സ്ഫുടതയോടെ, ഭാവ രസങ്ങൾ ഉൾക്കൊണ്ട് പാടി ഫലിപ്പിക്കുക.

**മൂല്യനിർണയ ഉപാധികൾ:**

1. സാഹിത്യം
2. മാപ്പിളത്തനിമ
3. താളം, ശ്രുതി, ലയം
4. അക്ഷര സ്ഫുടത

**സംഘഗാനം** (മലയാളം, അറബി) (10 മിനുട്ട്)
ധാർമിക സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗാനങ്ങൾ സംഘമായി ആലപിക്കുക.

**മൂല്യനിർണയ ഉപാധികൾ:**

1. സ്വരഭംഗി
2. താള ഭംഗി
3. സാഹിത്യ ഭംഗി
4. ശ്രുതിലയം
5. ഭാഷാ ശൈലി
6. ആശയ ഗ്രഹണം
7. സംഘാംഗങ്ങൾ തമ്മിലുള്ള ചേർച്ച

**പ്രസംഗം (5 മിനുട്ട്)**
സംഘാംഗങ്ങൾ നൽകപ്പെടുന്ന വിഷയം ഭാഷാ ശുദ്ധിയോടും അക്ഷരസ്ഫുടതയോടെയും ആധികാരിക ഉദ്ധരണികൾ സഹിതം സമർഥിക്കുക.

**മൂല്യനിർണയ ഉപാധികൾ:**

1. ശബ്ദ ക്രമീകരണം
2. മിതമായ ഭാവം
3. അക്ഷര സ്ഫുടത
4. ആശയ സംമ്പുഷ്ടത
5. അവതരണ ശൈലി(വിഷയ സമർഥനം, ആധികാരിക ഉദ്ധരണികൾ, സഭാകമ്പ രാഹിത്യം)
6. ഭാഷാ ശുദ്ധി

**കഥാ പ്രസംഗം (10 മിനുട്ട്)**
ചരിത്ര സംഭവങ്ങളോ കാലിക വിഷയങ്ങളോ ആസ്പദമാക്കി ഗദ്യ-പദ്യ സമ്മിശ്ര അവതരണം. പ്രമേയങ്ങൾ ധാർമിക മൂല്യ

ങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. വാദ്യോപകരണങ്ങൾ, സംഗീതോപകരണങ്ങളും ആവാം, പിന്നണിയിൽ ഇസ്‌ലാമിക് ക്യാമ്പസ് ഫെസ്റ്റിന് യോഗ്യതയുള്ള വിദ്യാർഥികൾ തന്നെയായിരിക്കണം.

**മൂല്യനിർണയ ഉപാധികൾ** :

1. ഭാഷാ ശുദ്ധി, ഉച്ചാരണ ശുദ്ധി
2. ആശയാവിഷ്കാരം
3. ഭാവപ്രകടനം, ശബ്ദ ക്രമീകരണം
4. സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ്
5. അവതരണ മികവ്

**മോണോലോഗ്** (ഏകാപാത്ര നാടകം) (10 മിനുട്ട്)
ഒരു സംഭവമോ, സംഭവത്തിന്റെ ഭാഗമോ സംഭവത്തിൽ ഉൾപ്പെട്ട ഒരു കഥാപാത്രം അവതരിപ്പിക്കുക. ഉചിതമായ വേഷമാകാം. പശ്ചാതല സംഗീതം, പിന്നണി എന്നിവ പാടില്ല.

**മൂല്യനിർണയ ഉപാധികൾ**:

1. ആശയ വ്യക്തത
2. അവതരണം
3. ഭാവാഭിനയം
4. സംഭാഷണം, അക്ഷരസ്ഫുടത
5. പ്രമേയവും പാത്രവൽക്കരണവും

**ഖുർആൻ പാരായണം**
നൽകപ്പെട്ട ഭാഗം ശ്രവണ മധുരമായി പാരായണം ചെയ്യുക.

**മൂല്യനിർണയ ഉപാധികൾ** :

1. തജ്‌വീദ് നിയമങ്ങൾ
2. പാരായണ ശൈലി
3. ഉച്ചാരണ ശുദ്ധി

4. തെറ്റുകൂടാതെ ഓതൽ, അവധാനത
5. ആകർഷകമായ ശബ്ദം

**കവിതാലാപനം**

സ്വന്തം രചനയോ മറ്റേതെങ്കിലും രചനയോ ഹൃദ്യമാക്കി അവതരിപ്പിക്കുക. സ്വന്തം രചനക്ക് പ്രത്യേകം പരിഗണനയുണ്ടായിരിക്കും. കവിയെ പറ്റിയും കവിതയെ പറ്റിയും ലഘു വിവരണം ആവാം.

**മൂല്യനിർണയ ഉപാധികൾ** :

1. മനപ്പാഠം
2. ഉച്ചാരണ ശുദ്ധി, കാവ്യാത്മകത
3. മിതമായ ഭാവം, ശബ്ദ പ്രകടനം
3. അർഥം, ആശയം ഇവയുടെ സ്പഷ്ടീകരണം (ആശയ ഗ്രഹണം)

**ക്വിസ്സ്**

ഗ്രൂപ്പിനെ പ്രതിനിധീകരിക്കുന്നത് മൂന്നുപേരടങ്ങുന്ന ഒരു ടീമായിരിക്കും, എല്ലാ കാറ്റഗറിയിലുമുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**സംഗീത ശിൽപം** (10 മിനുട്ട്)

ഗാനത്തിന്റെ പശ്ചാതലത്തിൽ നിന്നുകൊള്ള ആശയാവിഷ്കാരം, ശിൽപം ഒരാശയമോ, ആശയത്തിന്റെ ഭാഗമോ ആകാം. ഒന്നിലധികം പാട്ടുകൾ റിമിക്സ് ചെയ്യാം. ഒരു പാട്ടിനിടക്ക് തുടങ്ങാം. പാടുന്നത് ഗ്രൂപ്പംഗം തന്നെയായിരിക്കണം (സി.ഡി ഉപയോഗിക്കാം)

**മൂല്യനിർണയ ഉപാധികൾ** :

1. ഗാനത്തിനനുസരിച്ചുള്ള ആശയാവിഷ്കാരം, ശിൽപാവിഷ്കാരം
2. ഗാനം, അഭിനയം, വേഷം
3. അവതരണം, യോജിപ്പ്

**ഖവാലി** (10 മിനുട്ട്)
അല്ലാഹുവിനേയോ പ്രവാചകനേയോ കുറിച്ചുള്ള സ്തുതി ഗീതങ്ങൾ വിവിധ സംഗിതോപകരണങ്ങൾ താളത്തിന്റെ അകമ്പടുയോടെ ശ്രുതി മധുരമായി ആലപിക്കൽ

**മൂല്യ നിർണ്ണയ ഉപാധികൾ** :

1. ഗാനത്തിന്റെ സാഹിത്യ ഭംഗി
2. ശ്രുതി
3. താളം
4. വിവിധ ഗായകരും വാദ്യങ്ങളും തമ്മിലുള്ള യോജിപ്പ്
5. മിതമായ ഭാവപ്രകടനത്തോടെ അർഥം, ആശയം എന്നിവയുടെ സ്പഷ്ടീകരണം
6. തനിമയാർന്ന അവതരണം

**റഫറൻസ് കമ്മിറ്റി**

ശിഹാബ് പൂക്കോട്ടൂർ
എ. റഹ്മത്തുന്നിസ
പി. റുക്സാന
സുഹൈബ് സി.ടി
തൗഫീഖ് മമ്പാട്
ജമീൽ അഹ് മദ്
ഹിക്മത്തുള്ള

**ഓർഗനൈസിംഗ് കമ്മിറ്റി**

| | | |
|---|---|---|
| മുഖ്യരക്ഷാധികാരി | : | എം.ഐ അബ്ദുൽ അസീസ് |
| ചെയർമാൻ | : | അഫീദ അഹമ്മദ് |
| ഡയറക്റ്റർ | : | ഫസ്നമിയാൻ |
| ജനറൽ കൺവീനർ | : | നഫീസ തനൂജ |
| കൺവീനർ | : | തബ്ശീറ സുഹൈൽ |
| | : | നസ്റിൻ പി നസീർ |

**വിവിധ വകുപ്പുകളും ചുമതലയുള്ള സംസ്ഥാന പ്രതിനിധികളും**

| | | |
|---|---|---|
| പ്രതിനിധി | : | നാസിറ തയ്യിൽ |
| ഫിനാൻസ് | : | ഫസ്നമിയാൻ, ഹാജറ പി.കെ |
| പ്രചാരണം, മീഡിയ | : | തസ്നിം മുഹമ്മദ് |
| ഗസ്റ്റ്, റിസപ്ഷൻ | : | സുമയ്യ അൻസാരി, പി. റുക്സാന |
| | : | ഹാജറ പി.കെ |
| പ്രോഗ്രാം | : | നദ കെ സുബൈർ |
| | : | സുഹൈല ഫർമീസ് |
| | : | നഫീസ തനൂജ |
| | : | നസ്റിൻ പി നസീർ |
| | : | ആനിസ മുഹ് യുദ്ദീൻ |
| ഭക്ഷണം താമസം | : | ശരീഫ എം. |

| | | |
|---|---|---|
| രജിസ്ട്രേഷൻ | : | ഷനാനിറ |

| | | |
|---|---|---|
| മൊമെന്റോ പ്രൈസ് സർട്ടിഫിക്കറ്റ് | : | തബ്ശീറ സുഹൈൽ |
| ലൈറ്റ് ആൻ സൗണ്ട്, വളണ്ടിയർ | : | റിസാന. ഒ |
| നഗരി, സ്റ്റാൾ | : | തമന്ന സുൽത്താന |
| മെഡിസിൻ | : | |
| ട്രാൻസ്പോർട്ടേഷൻ | : | ആയിശ കിണാശ്ശേരി |

## PROGRAMME SCHEDULE
**2017 നവംബർ 18 ശനി**

**വാദിഹുദ വിമൻസ് അക്കാദമി കണ്ണൂർ/ഐ.സി വാടാനപ്പള്ളി മന്നം/ഇർശാദിയ കോളേജ് ഫറോഖ്/ഇലാഹിയ അറബിക് കോളേജ് തിരൂർക്കാട്**

*(മത്സരാർഥികൾ മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥാപനങ്ങളിൽ പങ്കെടുക്കേണ്ടതാണ്)*

9.30 am - 9.50 am രജിസ്ട്രേഷൻ

**വേദി : ഒന്ന്**

10.00 am - 11.30 am ഉപന്യാസം മലയാളം
11.40 am - 12.40 pm കഥാ രചന ഇംഗ്ലീഷ്
12.50 pm - 1.50 pm കഥാരചന അറബിക്
2.30 pm - 4.00 pm ഉപന്യാസം ഇംഗ്ലീഷ്

**വേദി : രണ്ട്**

10.00 am - 11.00 am അറബിക് കാലിഗ്രഫി
11.10 am - 12.10 pm പെൻസിൽ ഡ്രോയിംങ്
12.20 pm - 1.20 pm പെയിന്റിംഗ്

**വേദി : മൂന്ന്**

10.00 am - 11.00 am കവിതാ രചന അറബിക്
11.10 am - 12.40 pm ഉപന്യാസം അറബിക്
12.50 pm - 1.50 pm കഥാരചന മലയാളം

**വേദി : നാല്**

10.00 am - 11.00 am കാർട്ടൂൺ
11.10 am - 12.10 pm കവിതാ രചന മലയാളം
12.20 pm - 1.20 pm കവിതാ രചന ഇംഗ്ലീഷ്

## ഡിസംബർ 9 ശനി
## ഇർശാദിയ കോളേജ് ഫറോഖ്

ഖുർആൻ പാരായണം
പ്രസംഗം (മലയാളം, അറബി, ഇംഗ്ലീഷ്)
മാപ്പിളപ്പാട്ട്
കഥാപ്രസംഗം (മലയാളം)
മോണോലോഗ്
കവിതാലാപനം
സംഘഗാനം (അറബി മലയാളം)
സംഗീത ശിൽപം
ഖവാലി
മൈം
ഖിസ്സ്

* പരിപാടികളുടെ സമയക്രമങ്ങളിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് സംഘാടക സമിതിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതാണ്.
* ഉപന്യാസ രചനാമത്സരങ്ങളുടെ സിലബസ് പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും മത്സര തീയതിക്ക് മുമ്പ് ലഭിക്കുന്നതാണ്.
* ഇല്ലന്റ് മാഗസിൻ, കൊളാഷ്, തിരക്കഥാ രചന തുടങ്ങിയ മത്സര ഇനങ്ങളുടെ എൻട്രികൾ (അവസാന തിയ്യതി നവംബർ 25)

**അയക്കേണ്ട വിലാസം**
ജി.ഐ.ഒ കേരള, ഹിറാസെന്റർ, പി.ബി. നമ്പർ : 833,
മാവൂർ റോഡ്, കാലിക്കറ്റ് - 673 004

## CONTACT NUMBERS

| | |
|---|---|
| DIRECTOR | : FASNA MIYAN<br>+919746281165 |
| GEN.CONVENOR | : NAFEESA THANUJA<br>+919539668080 |
| CONVENORS | : THABSHEERA SUHAIL<br>+918592036567<br>: NAZREEN P NAZEER<br>+919061992652 |

PARVAAZ
GIO KERALA

**GIRLS ISLAMIC ORGANISATION KERALA**

HIRA CENTRE P.B.NO: 833,
MAVOOR ROAD CALICUT- 673 004
PH: 0495 2721655

gio.kerala@gmail.com giokerala.org